**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ്ഡോ.സുഹൈല പഴേരി,കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.A1-8066/2024/ DMOH മലപ്പുറം Dated:31.08.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/21346/2024-EA5 Dated :31.10.2025

**ഉത്തരവ് നം.DHS/21346/2024-EA5 തീയതി.14-05-2026**

ഡോ.സുഹൈല പഴേരി കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ 05.04.2024 ന് ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിച്ച വ്യക്തിയാണ്. മലപ്പുറം ,തിരൂർ ജില്ലാ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ ( കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ) തസ്തികയിൽ സേവനത്തിൽ തുടരവെ 11.07.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകുകയും ചെയ്തു .എന്നാൽ കാരണം കാണിക്കൽ നോട്ടീസ് ടിയാൾ കൈപ്പറ്റുകയും acknowledgement card തിരികെ ലഭ്യമാകുകയും ചെയ്ത് നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും കാരണം കാണിക്കൽ നോട്ടീസിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന

പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

ടി സാഹചര്യത്തിൽ **11.07.2024** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.സുഹൈല പഴേരി , കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.സുഹൈല പഴേരി , കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 14-05-2026
16:03:57

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

**Dr.Suhaila Pazheri , Pazheri (H) ,Vadanceri**

**Morayur , Malappuram 673642**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),മലപ്പുറം
3. സൂപ്രണ്ട്,ജില്ലാ ആശുപത്രി തിരൂർ മലപ്പുറം

   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ